# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. റഷ്യ - യുക്രെയ്ൻ വിഷയത്തിലെ ഇടപെടലിന് പ്രധാനമന്ത്രി നരേന്ദ്രമോദിയുൾപ്പെടെയുള്ള ലോക നേതാക്കൾക്ക് നന്ദി അറിയിച്ച് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ.

   **Russian President Vladimir Putin expressed his gratitude to several world leaders, including Prime Minister Narendra Modi, for their intervention in the Russia-Ukraine issue.**

2. ഇന്ത്യയും മൂന്ന് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അസമിലെത്തും, വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം നാളെ തുടക്കം കുറിക്കും.

   **Union Home Minister Amit Shah will arrive in Assam on a three-day visit, and he will launch various development projects tomorrow.**

3. കയറ്റുമതി മേഖലയിൽ ഇന്ത്യ ഈ വർഷം 800 ബില്ല്യൺ ഡോളർ മറികടക്കുമെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ.

   **Union Minister Piyush Goyal says that India will cross $800 billion in exports this year.**

4. ലോക്സഭാ മണ്ഡലങ്ങൾ പുനർനിർണയിക്കുന്നതിന് എതിരായ ഐക്യദാർഢ്യ സമ്മേളനത്തിലേക്ക് മുഖ്യമന്ത്രി പിണറായി വിജയനെ ക്ഷണിച്ച് തമിഴ്നാട് സർക്കാർ.

   **The Tamil Nadu government invites Chief Minister Pinarayi Vijayan to a solidarity meeting against the delimitation of Lok Sabha constituencies.**

5. കേരളത്തിൽ കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ്.

   **Health Minister Veena George urges caution as severe heat continues in Kerala.**

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ നാളെ മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.
Mumbai Indians will meet Delhi Capitals in the Women's Premier League cricket final tomorrow.

## PUTIN -UKRAINE CEASEFIRE (INTRO)

റഷ്യ - യുക്രൈൻ വിഷയത്തിലെ നിരന്തര ഇടപെടലിന് പ്രധാനമന്ത്രി നരേന്ദ്രമോദിയുൾപ്പെടെയുള്ള ലോക നേതാക്കൾക്ക് നന്ദി അറിയിച്ച് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. ബെലാറസ് പ്രസിഡന്റ് അലക്സാണ്ടർ ലുകാഷെങ്കോയുമായുള്ള സംയുക്ത പത്ര സമ്മേളന ത്തിലാണ് പുടിൻ സമാധാനം പുനഃസ്ഥാപിക്കാനുള്ള ലോക നേതാക്കളുടെ ശ്രമങ്ങളെ പ്രശംസിച്ചത്. അതേസമയം റഷ്യ-യുക്രെൻ സംഘർഷത്തിൽ ഇന്ത്യയുടേത് നിഷ്പക്ഷ നിലപാടല്ലെന്നും, ഇന്ത്യ സമാധാനത്തോടൊപ്പമാണെന്നും കഴിഞ്ഞമാസം യു. എസ് പ്രസിഡൻറുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കിയിരുന്നു.
(വോയിസ്)
അമേരിക്ക മുന്നോട്ട് വച്ച 30 ദിവസത്തെ വെടിനിർത്തൽ കരാർ യുക്രൈൻ കഴിഞ്ഞ ദിവസം അംഗീകരിച്ചിരുന്നു. വ്ലാഡിമിർ പുടിൻ വെടിനിർത്തലിന് പിന്തുണ അറിയിച്ചിട്ടുണ്ടെങ്കിലും, ചില കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരണമെന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

## AMIT SHAH - ASSAM VISIT

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് അസമിലെത്തും. നാളെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. ഡെർഗാവ് പോലീസ് അക്കാദമിയിൽ നടക്കുന്ന ചടങ്ങിൽ ഭവന പദ്ധതികൾക്ക് ശ്രീ അമിത് ഷാ തറക്കല്ലിടും. മുഖ്യമന്ത്രി ഹിമന്താ ബിശ്വ ശർമ്മ, കേന്ദ്ര തുറമുഖ - ഷിപ്പിങ് മന്ത്രി സർബാനന്ദ സോനോവാൾ തുടങ്ങിയവർ സന്നിഹിതരായിരിക്കും. കൊക്രജാർ ജില്ലയിൽ ബോഡോ സ്റ്റുഡൻസ് യൂണിയൻറെ 57-ാമത് വാർഷിക സമ്മേളനത്തെ ഞായറാഴ്ച ശ്രീ. അമിത് ഷാ അഭിസംബോധന ചെയ്യും. വടക്ക് - കിഴക്കൻ സംസ്ഥാനങ്ങളിൽ പുതിയ

ക്രിമിനൽ നിയമങ്ങൾ നടപ്പാക്കിയതിനെ തുടർന്നുള്ള സാഹചര്യം കേന്ദ്ര ആഭ്യന്തര മന്ത്രി വിലയിരുത്തും.

## PIYUSH GOYAL - EXPORTS

കയറ്റുമതി മേഖലയിൽ ഇന്ത്യ ഈ വർഷം 800 ബില്ല്യൺ ഡോളർ മറികടക്കുമെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ. സേവന മേഖല യാണ് ഇതിൽ ഏറ്റവും കൂടുതൽ സംഭാവന നൽകുന്നതെന്ന് കയറ്റുമതി പ്രോത്സാഹന കൗൺസിൽ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ യോഗത്തെ അഭിസംബോധന ചെയ്യവെ അദ്ദേഹം പറഞ്ഞു. കയറ്റുമതി മേഖലയിൽ പ്രകടമാകുന്ന അനുകൂല അന്തരീക്ഷത്തെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു. സ്വതന്ത്ര വ്യാപാര കരാറുകൾ അന്തിമ ഘട്ടത്തിലാണെന്നും ഇതിലൂടെ ഇന്ത്യൻ കയറ്റുമതി മേഖലയ്ക്ക് കൂടുതൽ നിക്ഷേപം ലഭിക്കുമെന്നും ശ്രീ പീയുഷ് ഗോയൽ പറഞ്ഞു.

## WAVES-ASHWINI-JAISHANKAR

വേവ്സ് -2025 ഉച്ചകോടിയുടെ ഭാഗമായി ക്രിയേറ്റേഴ്സ് എക്കോണമിക്കായി നൂറുകോടി രൂപ ചെലവഴിക്കുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. കേന്ദ്ര സർക്കാർ മെയ് 1 മുതൽ 4 വരെ മുംബൈയിൽ സംഘടിപ്പിക്കുന്ന ലോക ദൃശ്യ, ശ്രവ്യ വിനോദ ഉച്ചകോടിയുമായി ബന്ധപ്പെട്ട് ന്യൂഡൽഹി യിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ആദ്യ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി മുംബൈയിലെ ഫിലിം സിറ്റിക്ക് സമീപം ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിനോദ വ്യവസായ മേഖലയെ വളർത്തിയെടുക്കുന്നതിനുള്ള ഒരു നിർണായക വേദിയായി WAVES മാറുമെന്ന് ചടങ്ങിൽ സംസാരിച്ച വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ചൂണ്ടിക്കാട്ടി.

## GEORGE KURIAN

മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിച്ച് മാത്രമേ സംസ്ഥാനത്ത് കടൽ മണൽ ഖനനം നടപ്പാക്കൂ എന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. വിഷയത്തിൽ മത്സ്യ തൊഴിലാളികളുമായി ചർച്ച നടത്തുമെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. വികസനം മനുഷ്യരാശിയുടെ ആവശ്യമാണെന്നും ഇന്ത്യയെ വികസിത രാഷ്ട്രമാക്കാനാണ് പ്രധാനമന്ത്രി ലക്ഷ്യമിടുന്നതെന്നും ശ്രീ ജോർജ് കുര്യൻ വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡✡✡

## ISRO-REVENUE

ഉപഗ്രഹ വിക്ഷേപണങ്ങളിലൂടെ ISRO നേടിയത് ഏകദേശം 143 ദശലക്ഷം യുഎസ് ഡോളർ വിദേശനാണ്യ വരുമാനം. കഴിഞ്ഞ ദശകത്തിൽ ISRO വാണിജ്യാടിസ്ഥാനത്തിൽ ആകെ 393 വിദേശ ഉപഗ്രഹങ്ങളും 3 ഇന്ത്യൻ ഉപഭോക്തൃ ഉപഗ്രഹങ്ങളും വിക്ഷേപിച്ചതായി ബഹിരാകാശ വകുപ്പ് അറിയിച്ചു. 2015 ജനുവരി മുതൽ 2024 ഡിസംബർ വരെ, ഈ ഉപഗ്രഹ ങ്ങൾ ISRO യുടെ PSLV, LVM3, SSLV വിക്ഷേപണ വാഹനങ്ങളിൽ വിജയകരമായി വിക്ഷേപിച്ചു. യുണൈറ്റഡ് സ്റ്റേറ്റ്സ്, യുണൈറ്റഡ് കിംഗ്ഡം, സിംഗപ്പൂർ, മറ്റ് നിരവധി വികസിത രാജ്യങ്ങൾ എന്നിവ യുൾപ്പെടെ 34 രാജ്യങ്ങൾക്കായുള്ള ഉപഗ്രഹങ്ങൾ വിക്ഷേപിച്ചതും ISRO യുടെ ശ്രദ്ധേയമായ റെക്കോർഡിൽ ഉൾപ്പെടുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡

## NASA-GLOBAL SEA LEVELS RISING

2024ൽ ആഗോള സമുദ്രനിരപ്പ് പ്രതീക്ഷിച്ചതിലും വേഗത്തിൽ ഉയർന്നതായി നാസയുടെ വെളിപ്പെടുത്തൽ. സമുദ്രനിരപ്പ് ഉയരുന്ന നിരക്ക് 2024ലെ പ്രതീക്ഷിത 0.43 സെൻറീമീറ്ററിൽ നിന്നും 0.59 സെൻറീമീറ്ററിലെത്തിയതായി യുഎസ് ബഹിരാകാശ ഏജൻസി റിപ്പോർട്ട് ചെയ്യു. ഹിമാനികളിൽ നിന്നും ഹിമപാളികളിൽ നിന്നും അധികമായി ഉരുകിയെത്തിയ ജലത്തിനൊപ്പം സമുദ്രജലം ചൂടു പിടിക്കുന്നതാണ് പ്രധാനമായും സമുദ്രനിരപ്പിൻറെ വർധനവിന് കാരണമെന്നും നാസ റിപ്പോർട്ട് ചെയ്യുന്നു. മൂന്ന് പതിറ്റാണ്ടിനിടെ സമുദ്ര നിരപ്പ് ഏറ്റവും ഉയരത്തിലെത്തിയ 2024, ചരിത്രത്തിലെ ഏറ്റവും ചൂടേറിയ വർഷമാണെന്നും റിപ്പോർട്ടിലുണ്ട്.

## IRAN-US

ഇറാനുമേൽ അമേരിക്ക ഏർപ്പെടുത്തിയ ഉപരോധം എത്രയും വേഗം അവസാനിപ്പിച്ച് ആണവ ചർച്ചകൾ പുനരാരംഭിക്കണമെന്ന് ചൈനയും റഷ്യയും ഇറാനും. മൂന്ന് രാജ്യങ്ങളുടേയും പ്രതിനിധികൾ ബെയ്ജിങ്ങിൽ നടത്തിയ കൂടിക്കാഴ്ചയിൽ നിയമവിരുദ്ധമായ എല്ലാ ഏകപക്ഷീയ ഉപരോധങ്ങളും അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. പരസ്പര ബഹുമാനത്തെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയവും നയതന്ത്രപരവുമായ ഇടപെടലും ചർച്ചകളും മാത്രമാണ് പ്രശ്ന പരിഹാരത്തിനുള്ള പ്രായോഗിക പ്രതിവിധിയെന്ന് സംയുക്ത പ്രസ്താവനയിൽ മൂന്ന് രാജ്യങ്ങളും ആവർത്തിച്ചു.

## JITENDRA SINGH- SAFFRON HUB (INTRO)

വികസിത ഭാരതം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ വടക്കു - കിഴക്കൻ സംസ്ഥാനങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്. കുങ്കുമപ്പൂവിൻറെ ഹബ്ബായി ഈ സംസ്ഥാനങ്ങൾ മാറുമെന്നും ഷില്ലോങിൽ North East Centre for Technology Application and Reach ൻറെ പുതിയ ഓഫീസിന് തറക്കില്ലിടുന്ന ചടങ്ങിൽ അദ്ദേഹം പറഞ്ഞു.

(**voice**)

## KERALA – DELIMITATION

ലോക്സഭാ മണ്ഡലങ്ങൾ പുനർനിർണയിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കങ്ങൾക്കെതിരെ ചെന്നൈയിൽ ഈ മാസം 22-ന് വിളിച്ചു ചേർക്കുന്ന ഐക്യദാർഢ്യ സമ്മേളനത്തിലേക്ക് കേരള മുഖ്യമന്ത്രി പിണറായി വിജയനെ ക്ഷണിച്ച് തമിഴ്നാട് സർക്കാർ.

തമിഴ്നാട് ഐ.ടി മന്ത്രി പളനിവേൽ ത്യാഗരാജൻ, തമിഴച്ചി തങ്ക പാണ്ഡ്യൻ എം പി എന്നിവർ നേരിട്ട് എത്തിയാണ് മുഖ്യമന്ത്രിയെ ക്ഷണിച്ചത്. ചെന്നൈയിൽ നടക്കുന്ന സമ്മേളനത്തോടും, വിഷയത്തിൽ സ്വീകരിക്കുന്ന നിലപാടിനോടുമുള്ള

ഐക്യദാർഢ്യം മുഖ്യമന്ത്രി അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## KERALA – HEAT

സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണമെന്നും മന്ത്രി നിർദേശിച്ചു. കടുത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. പാലക്കാട്, തൃശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇന്നും നാളെയും താപനില 37 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ നാളെ മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. തുടർച്ചയായ മൂന്നാം ഫൈനലിനാണ് ഡൽഹി നാളെ കളിക്കളത്തിൽ ഇറങ്ങുന്നത്. രണ്ടാം കിരീട നേട്ടമാണ് ഹർമൻ പ്രീത് കൗർ നേതൃത്വം നൽകുന്ന മുംബൈ ഇന്ത്യൻസിൻറെ ലക്ഷ്യം.

✡✡✡✡✡✡✡✡✡✡✡✡✡✡

## BADMINTON-ALL ENGLAND OPEN

ബിർമിങ്ഹാമിൽ നടക്കുന്ന All England Open Super 1000 ബാഡ്മിന്റൺ ക്വാട്ടറിൽ ഇന്ത്യൻ താരം ലക്ഷ്യാ സെന്നിന് തോൽവി. ചൈനയുടെ ലി ഷീ ഫെങിനോടാണ് ലക്ഷ്യ പരാജയപ്പെട്ടത്. വനിതാ ഡബിൾസിൽ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യം നാളെ ക്വാർട്ടർ ഫൈനലിൽ മത്സരിക്കും. ഇന്ത്യൻ താരങ്ങളായ പി വി സിന്ധു, സാത് വിക്സായ് രാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി തുടങ്ങിയവർ നേരത്തെ തന്നെ പുറത്തായിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡

## SABARIMALA

മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട തുറന്നു. സന്നിധാനത്തെ മേൽപ്പാലം ഒഴിവാക്കിയുള്ള പുതിയ ദർശന രീതിയുടെ ട്രയൽ റൺ ആരംഭിച്ചു. കൊടിമരത്തിൻറെ ഇരുവശവും വഴി രണ്ടു വരികളായി ഭക്തർക്ക് ശ്രീ കോവിലിന് മുന്നിലേക്ക് പോകാൻ കഴിയും വിധമാണ് പുതിയ ദർശന വഴി. ദർശനസമയം 20 മുതൽ 30 സെക്കൻ്റുവരെ കൂടുതലായി ലഭിക്കും എന്നതാണ് ഇതിൻ്റെ പ്രത്യേകത.